പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2021 **26-10-2026-ൽ മറുപടിയ്ക്ക്**

ഫറോക്ക് താലൂക്കാശുപത്രിയിൽ 100 ബെഡ് സൗകര്യം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. എ. മുഹമ്മദ് റിയാസ് ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) പുതിയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച ഫറോക്ക് താലൂക്കാശുപത്രി 100 ബെഡ് സൗകര്യത്തോടെ പ്രവർത്തിക്കുന്നതിനാവശ്യമായ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

മറുപടി: ഫറോക്ക് താലൂക്ക് ആശുപത്രിയിൽ പുതുതായി നിർമിച്ച കെട്ടിടത്തിൽ നിലവിൽ 45 വീതം കിടക്കകളോട് കൂടിയ 2 വാർഡുകളും 13 കിടക്കകളോട് കൂടിയ ഒരു ക്യാഷ്വാലിറ്റിയുമാണ് നിർമിച്ചിട്ടുള്ളത്. 45 കിടക്കകളുള്ള 1 വാർഡും ക്യാഷ്വാലിറ്റിയും പ്രവർത്തന സജ്ജമാണ്. 45 കിടക്കകളുള്ള രണ്ടാമത്തെ വാർഡ് പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ഇവ കൂടാതെ ECG, X-Ray, ലബോറട്ടറി, ഫാർമസി എന്നീ സേവനങ്ങളും പുതിയ കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ